2026
SEPTEMBER
08
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

## വീഗാലാൻഡ് ഡവലപ്പേഴ്സ് ഐപിഒ ഈ മാസം 10 മുതൽ

**കൊച്ചി:** പ്രമുഖ വ്യവസായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ നേതൃത്വത്തിലുള്ള വീഗാലാൻഡ് ഡവലപ്പേഴ്സ് ഓഹരി വിപണിയിലേയ്ക്ക്. പ്രാരംഭ ഓഹരി വിൽപ്പന (ഐപിഒ) സെപ്റ്റംബർ 10 ന് ആരംഭിച്ച് സെപ്റ്റംബർ 15 ന് ഐപിഒ അവസാനിക്കുന്നു. ആങ്കർ നിക്ഷേപകർക്കായുള്ള ബിഡ്ഡിങ് ഈ മാസം ഒൻപതിനാണ്. സെപ്റ്റംബർ 18 ന് ബിഎസ്ഇ, എൻഎൻഇ തുടങ്ങിയ ദേശീയ സ്റ്റോക് എക്സ്ചേഞ്ചുകളിൽ വീഗാലാൻഡ് ഡവലപ്പേഴ്സ് ഓഹരികൾ ലിസ്റ്റ് ചെയ്യും.

വീഗാലാൻഡ് ഡവലപ്പേഴ്സാണ് കേരളത്തിൽനിന്ന് ആദ്യമായി ഓഹരി വിപണിയിൽ എത്തുന്ന റിയൽ എസ്റ്റേറ്റ് ഡിവലപ്പർ കമ്പനി. ഇതോടെ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി സ്ഥാപിച്ച മൂന്നാമത്തെ കമ്പനിയും ലിസ്റ്റ് ചെയ്യപ്പെടുകയാണ്. വിഗാർഡ് ഇൻഡസ്ട്രീസ്, വണ്ടർലാ ഹോളിഡേയ്സ് എന്നീ കമ്പനികൾ നേരത്തെ തന്നെ ഈ നേട്ടം കൈവരിച്ചു.

210 കോടി രൂപ സമാഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് വീഗാലാൻഡ് ഡവലപ്പേഴ്സ് ഐ.പി.ഒ. നടത്തുന്നത്. പുതിയ ഓഹരികളുടെ വിൽപ്പനയിലൂടെ സമാഹരിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കായാവും ചെലവഴിക്കുക. അതായത് കമ്പനിയുടെ നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കാനും ഭൂമി വാങ്ങാനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായി ഈ തുക വിനിയോഗിക്കും.

പത്ത് രൂപ മുഖവിലയുള്ള വീഗാലാൻഡ് ഡവലപ്പേഴ്സിന്റെ ഓഹരികളുടെ വിലനിലവാരം 130, 140 രൂപയാണ്. ഇതനുസരിച്ച് കമ്പനിയുടെ വിപണി മൂല്യം 682.5 കോടി രൂപയാണ്. ആകെ 1.50 കോടി ഓഹരികളാണ് വിൽപ്പനയ്ക്ക് വെയ്ക്കുന്നത്. 107 ഓഹരികളാണ് ചുരുങ്ങിയ ബിഡ് സൈസ്. അതാതയ് വീഗാലാൻഡ് ഡവലപ്പേഴ്സിന്റെ മിനിമം 107 ഓഹരികൾക്കായി അപേക്ഷിക്കാം. പിന്നീട് അതിന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായവരുടെ ഡീമാറ്റ് അക്കൗണ്ടിലേക്ക് 17 ന് ഓഹരികൾ ലഭ്യമാകും.

റേറ്റിങ് ഏജൻസിയായ 'ഇക്ര'യുടെ 2025 ഡിസംബറിലെ റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ ഏറ്റവും വേഗത്തിൽ വിൽക്കപ്പെടുന്ന റിയൽ എസ്റ്റേറ്റ് ഡവലപ്പറാണ് വീഗാലാൻഡ്. 250.98 കോടി രൂപയാണ് 2025 26 സാമ്പത്തികവർഷത്തെ വരുമാനം. കൊച്ചി ആസ്ഥാനമായി 2012ൽ തുടങ്ങിയ വീഗാലാൻഡ് ഡിവലപ്പേഴ്സ് ഇതിനോടകം 10 പ്രോജക്ടുകൾ കൃത്യസമയത്ത് പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്; 692 ഭവനങ്ങളാണ് വിറ്റത്. അവയുടെ ആകെ വിസ്തീർണം 18. 05 ലക്ഷം ചതുരശ്രയടിയാണ്. കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി നിലവിൽ 12 പ്രോജക്ടുകളുടെ നിർമാണം പുരോഗമിക്കുകയാണ്. 18.57 ലക്ഷം ചതുരശ്രയടിയാണ് ഇവയുടെ മൊത്തം വിസ്തൃതി. മൊത്തം 987 ഭവനങ്ങളാണ് ഇതിലുള്ളത്.

കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയും കെ. ചിറ്റിലപ്പിള്ളി ട്രസ്റ്റും പ്രമോട്ടർമാരായ വീഗാലാൻഡ് ഡവലപ്പേഴ്സ്, റെറ നിയമം വരും മുൻപേ തന്നേ അതേ നിലവാരത്തിലുള്ള പരിരക്ഷ നടപ്പാക്കി വന്നിരുന്ന സ്ഥാപനമാണ്. മിഡ്പ്രീമിയം, പ്രീമിയം, അൾട്രാ പ്രീമിയം ശ്രേണികളിലുള്ള അപ്പാർട്ട്മെന്റ് പ്രോജക്ടുകളാണ് കമ്പനി പ്രധാനമായും നിർമിക്കുന്നത്. പ്രകൃതി സൗഹാർദപരമായ നിർമാണ രീതിയിലൂടെ ജലത്തിന്റെയും ഊർജത്തിന്റെയും സംരക്ഷണവും സാധ്യമാക്കുന്ന ബയോഫിലിക്ക് ലിവിങ് എന്ന ആശയമാണ് ആദ്യ സംരംഭം മുതൽ വീഗാലാൻഡ് നടപ്പിൽ വരുത്തിയത്.

## വൻതോതിൽ വാഴപ്പഴം കയറ്റുമതി ചെയ്യാൻ ഇന്ത്യ

# നേരിട്ടുള്ള വിദേശനിക്ഷേപ നയം ഉദാരമാക്കും



**ന്യൂദൽഹി:** കാർഷിക മേഖലയിലെ വിദേശനിക്ഷേപം ലക്ഷ്യമിട്ട് വ്യവസ്ഥകൾ ഉദാരമാക്കാൻ സർക്കാർ ആലോചിക്കുന്നു. വാഴപ്പഴം പോലുള്ള വാണിജ്യവിളകളെ നയത്തിന്റെ പരിധിയിൽ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ ലോകത്തെ ഏറ്റവും വലിയ വാഴപ്പഴ ഉത്പാദക രാജ്യമാണെങ്കിലും ആഗോള കയറ്റുമതി വിപണിയിൽ ഇന്ത്യയുടെ വിഹിതം കുറവാണ്. വിദേശനിക്ഷേപം ആകർഷിക്കുന്നതിലൂടെ ആഗോള വിപണിവിഹിതവും കയറ്റുമതി വരുമാനവും കൂട്ടുകയാണ് ലക്ഷ്യം.

തേയില, കാപ്പി, റബ്ബർ, ഏലം, പാം ഓയിൽ, ഒലീവ് ഓയിൽ എന്നിവയുടെ തോട്ടം മേഖലയിൽ (പ്ലാന്റേഷൻ) 100 ശതമാനം നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിച്ചിട്ടുണ്ട്. ഈ പട്ടികയിലേക്ക് വാഴപ്പഴം ഉൾപ്പെടെ കൂടുതൽ വാണിജ്യവിളകളെ ഉൾപ്പെടുത്താനാണ് ആലോചിക്കുന്നത്.

പ്രതിവർഷം മൂന്നുകോടി ടണ്ണിലധികം വാഴപ്പഴം ഉത്പാദിപ്പിക്കുന്ന ഇന്ത്യ നിലവിൽ മുന്നിലാണ്. ആഗോള ഉത്പാദനത്തിന്റെ 26.45 ശതമാനവും (3.53 കോടി മെട്രിക് ടൺ) ഇന്ത്യയിലാണ്. ആഗോള ഉത്പാദനത്തിൽ മുൻപന്തിയിലാണെങ്കിലും ലോകവിപണിയിലെ കയറ്റുമതിയിൽ ഒരു ശതമാനം വിഹിതം മാത്രമാണ് ഇന്ത്യക്കുള്ളത്.

കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യ 37.75 കോടി ഡോളറിന്റെ വാഴപ്പഴം കയറ്റുമതി ചെയ്തു വരും വർഷങ്ങളിൽ ഇത് 100 കോടി ഡോളറായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

ഇന്ത്യയിലെ ഉത്പാദനത്തിന്റെ 67 ശതമാനവും ആന്ധ്ര, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്നാണ്. ഇറാൻ, ഇറാഖ്, യു.എ.ഇ, ഒമാൻ, ഇസ്ബെക്കിസ്ഥാൻ, സൗദി അറേബ്യ, നേപ്പാൾ, ഖത്തർ, കുവൈത്ത്, ബഹറിൻ, അഫ്ഗാനിസ്ഥാൻ, മാലിദ്വീപ് എന്നിവിടങ്ങളിലേക്കാണ് പ്രധാനമായും കയറ്റിയയക്കുന്നത്. യു.എസ്.എ, റഷ്യ, ജപ്പാൻ, ജർമനി, ചൈന, നെതർലാഡ്സ്, യു.കെ, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ കയറ്റുമതി സാധ്യതകൾ നിലവിലുണ്ട്. പ്ലാന്റേഷൻ മേഖലയിൽ നേരിട്ടുള്ള വിദേശനിക്ഷേപ വ്യവസ്ഥകൾ പരിഷ്കരിക്കാനുള്ള നീക്കം കാർഷിക കയറ്റുമതി വർധിപ്പിക്കുന്നതിനുള്ള നിർണായക ചുവടുവെപ്പാണ്. വാഴപ്പഴം ഉത്പാദനത്തിൽ ഇന്ത്യയ്ക്കുള്ള മുൻതൂക്കം പ്രയോജനപ്പെടുത്തുന്നതിനും ആഗോള വിപണിയിൽ രാജ്യത്തിന്റെ സ്ഥാനം ഉറപ്പിക്കുന്നതിനും നയപരമായ മാറ്റം സഹായിക്കുമെന്നാണ് വിലയിരുത്തൽ.

## റഷ്യൻ എകെ203 റൈഫിൾ ഇന്ത്യയിൽ നിർമിക്കും

**ന്യൂദൽഹി:** ഇന്ത്യയിൽ നിർമിക്കുന്ന എകെ203 റഷ്യൻ അസോൾട്ട് റൈഫിളിനുള്ള തിരകൾ അദാനി ഗ്രൂപ്പിന് കീഴിലെ അദാനി ഡിഫൻസ് ആൻഡ് എയറോസ്പേസ് നിർമിച്ചുനൽകും. ഇതു സംബന്ധിച്ച 5 വർഷത്തെ കരാറിൽ അദാനി ഡിഫൻസും റൈഫിളുകൾ നിർമിക്കുന്ന ഇൻഡോറഷ്യൻ റൈഫിൾസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവച്ചു.ഇന്ത്യ-റഷ്യ സർക്കാരുകൾ തമ്മിലെ ധാരണപ്രകാരം 2019ലാണ് ഐആർആർപിഎൽ സ്ഥാപിതമായത്. ഇന്ത്യൻ കരസേനയ്ക്കായി എകെ203 നിർമിക്കാനാണിത്. ഇന്ത്യൻ കമ്പനികളായ അഡ്വാൻസ്ഡ് വെപ്പൺസ് ആൻഡ് എക്വിപ്മെന്റ് ഇന്ത്യ, മ്യൂണിഷൻസ് ഇന്ത്യ എന്നിവയും റഷ്യൻ കമ്പനികളായ കൺസേൺ കലാഷ്നികോവ്, റോസോബോറോൺ എക്സ്പോർട്ട് എന്നിവയും ചേർന്നുള്ള സംയുക്ത സംരംഭമാണ് ഐആർആർപിഎൽ.ഉത്തർപ്രദേശിലെ അമേഠി ജില്ലയിൽ കോർവയിലാണ് കമ്പനിയുടെ ഫാക്ടറി. 6.01 ലക്ഷം എകെ203ന് വേണ്ടി 2021ലാണ് കേന്ദ്ര പ്രതിരോധ മന്ത്രാലയം ഐആർആർപിഎലിന് കരാർ നൽകിയത്. പ്രതിരോധ ശേഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ആത്മനിർഭർ ലക്ഷ്യത്തിന്റെ ഭാഗമായി മുന്തിയപങ്കും പ്രാദേശിക ഘടകങ്ങൾ ഉപയോഗിച്ചാണ് എകെ 203ന്റെ നിർമാണം.




## തിളക്കമാർന്ന ഒരു പതിറ്റാണ്ട്: കേരള ടെലികോം വിപണിയിൽ വിപ്ലവം സൃഷ്ടിച്ച് റിലയൻസ് ജിയോ

**കൊച്ചി:** 2016 സെപ്റ്റംബറിൽ കേരളത്തിലെ ടെലികോം ലോകത്തേക്ക് റിലയൻസ് ജിയോ ചുവടുവയ്ക്കുമ്പോൾ, അത് സംസ്ഥാനത്തിന്റെ ഡിജിറ്റൽ ജീവിതരീതിയെത്തന്നെ പാടെ മാറ്റിമറിച്ച ഒരു വലിയ വിപ്ലവത്തിൻറെ ആരംഭമായിരുന്നു.

സൗജന്യ ഡാറ്റയും അൺലിമിറ്റഡ് വോയിസ് കോളുകളുമായി എത്തിയ ജിയോ, ഇൻറർനെറ്റ് ഉപയോഗം വരേണ്യവർഗത്തിന്റേത് മാത്രമല്ലെന്നും അത് സാധാരണക്കാരുടെ അവകാശമാണെന്നും തെളിയിച്ചു. ഇൻറർനെറ്റിന്റെ ജനകീയവത്കരണത്തിനായിരുന്നു പിന്നീട് കേരളം സാക്ഷ്യംവഹിച്ചത്.

2016 സെപ്റ്റംബറിന്റെ തുടക്കത്തിൽത്തന്നെ 5.8 ലക്ഷം വരിക്കാരെ നേടിക്കൊണ്ടായിരുന്നു കേരളത്തിലെ തുടക്കം. പത്ത് വർഷത്തെ നിരന്തരമായ മുന്നേറ്റത്തിനൊടുവിൽ, 2026 സെപ്റ്റംബറിലെത്തിയപ്പോൾ ശരാശരി 35.5 ശതമാനം വാർഷിക വളർച്ചയോടെ വരിക്കാരുടെ എണ്ണം 1.119 കോടിയിലെത്തി. 4.27 കോടി വയർലെസ് കണക്ഷനുകളുള്ള കേരള ടെലികോം സർക്കിളിൽ 26.2 ശതമാനം വിഹിതവുമായി രണ്ടാം സ്ഥാനക്കാരാണ് നിലവിൽ ജിയോ.

എയർടെല്ലിന് 97.9 ലക്ഷം വരിക്കാരുണ്ട്. പൊതുമേഖലാ സ്ഥാപനമായ ബിഎസ്എൻഎല്ലിന് 89.8 ലക്ഷം ഉപഭോക്താക്കളുമുണ്ട്. ചെറുകിട ഓപ്പറേറ്റർമാർ കളംവിട്ടതോടെ സംസ്ഥാനത്ത് ടെലികോം വിപണി പ്രധാനമായും ഈ നാലു കമ്പനികളുടെ മത്സരമായി മാറി.

മറ്റ് കമ്പനികളുടെ ഉപഭോക്താക്കളെ നേടിയെടുക്കുക മാത്രമല്ല ജിയോ ചെയ്തത്. പകരം, കേരളത്തിലെ ആകെ ടെലികോം ഉപഭോക്താക്കളുടെ എണ്ണം 3.56 കോടിയിൽനിന്ന് 4.275 കോടിയായി ഉയർത്തി ടെലികോം മേഖലയെത്തന്നെ വികസിപ്പിക്കാൻ സാധിച്ചു എന്നതാണ് പ്രത്യേകത.

ഇന്ന് ഗ്രാമങ്ങളിലെന്നോ നഗരങ്ങളിലെന്നോ വ്യത്യാസമില്ലാതെ, സാധാരണക്കാരന്റെ കൈകളിൽ അതിവേഗ ഇൻറർനെറ്റ് എത്തിച്ചുകൊണ്ട് കേരളത്തെ ഡിജിറ്റൽ സാക്ഷരതയിൽ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ കഴിഞ്ഞുവെന്നതാണ് ജിയോയുടെ പത്ത് വർഷത്തെ ഏറ്റവും വലിയ നേട്ടമായി വിലയിരുത്തപ്പെടുന്നത്.

# നെടുമ്പാശേരി വിമാനത്താവളം റെയിൽവേ സ്റ്റേഷൻ നിർമാണം ആരംഭിച്ചു




**കൊച്ചി:** വിമാനയാത്രക്കാർ ഉൾപ്പടെള്ളവരുടെ ദീർഘകാല ആവശ്യമായ നെടുമ്പാശേരി വിമാനത്താവള റെയിൽവേ സ്റ്റേഷന്റെ പ്രാരംഭഘട്ട നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹാൾട്ട് സ്റ്റേഷൻ മാതൃകയിൽ രൂപകൽപന ചെയ്തിരിക്കുന്ന സ്റ്റേഷനിൽ സൗകര്യങ്ങൾ പരിമിതമാണെങ്കിലും വന്ദേഭാരത് ഉൾപ്പടെയുള്ള ട്രെയിനുകൾക്ക് സ്റ്റോപ്പ് ഉണ്ടായിരിക്കും.

പദ്ധതി പൂർത്തിയായാൽ അന്താരാഷ്ട്ര വിമാനത്താവളവുമായി നേരിട്ട് ബന്ധമുള്ള ഇന്ത്യയിലെ ആദ്യ റെയിൽവേ സ്റ്റേഷൻകൂടിയാകും ഇത്. രണ്ടു വർഷത്തിനുള്ളിൽ നിർമാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് റെയിൽവേ അറിയിച്ചു.

വിമാനത്താവളത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള റെയിൽവേ ലൈനിനോടു ചേർന്ന് മേൽപാലത്തിന്റെ അടിയിലാണ് പുതിയ റെയിൽവേ സ്റ്റേഷൻ വരുന്നത്. 24 കോച്ചുകൾ ഉൾക്കൊള്ളാൻ അനുയോജ്യമായ 600 മീറ്റർ നീളമുള്ള രണ്ട് പ്ലാറ്റ്ഫോമുകളാകും സ്റ്റേഷനുണ്ടാകുക. ഫൂട്ട് ഓവർ ബ്രിഡ്ജ്, ലിഫ്റ്റ്, എയർ കണ്ടീഷൻ വെയിറ്റിംഗ് ഹാൾ, ടിക്കറ്റ് ബുക്കിംഗ് ഓഫീസ് എന്നിവ ഉണ്ടാകുമെങ്കിലും ജീവനക്കാർ കുറവായിരിക്കും.

റെയിൽവേ സ്റ്റേഷനിൽ നിന്ന് വിമാനത്താവളത്തിലേക്ക് ഒന്നര കിലോമീറ്റർ മാത്രമാണ് റോഡ് മാർഗമുള്ള ദൂരം. വിമാനത്താവളത്തിലേക്ക് മാത്രമായി റെയിൽവേ സ്റ്റേഷനിൽ നിന്ന് പ്രത്യേക പാതയും ആലോചനയിലുണ്ട്.

വിമാനത്താവളത്തിൽ നിന്ന് നെടുമ്പാശേരിയിലേക്കുള്ള റോഡിലാകും സ്റ്റേഷന്റെ പ്രധാന കവാടം. വിമാന യാത്രക്കാർക്കായി റെയിൽവേ സ്റ്റേഷനിൽ നിന്ന് സൗജന്യ ഹൈഡ്രജൻ ബസുകളും ഇലക്ട്രിക് ബഗികളും ഒരുക്കും.റെയിൽവേയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തിയാണ് സ്റ്റേഷൻ നിർമിക്കുന്നത്. അതിനാൽ സ്ഥലമേറ്റെടുക്കൽ ആവശ്യമായി വരില്ല. 19 കോടി രൂപയാണ് നിർമാണച്ചെലവു പ്രതീക്ഷിക്കുന്നത്.

2010ൽ ശിലാസ്ഥാപനം വരെ നടത്തിയ പദ്ധതി പിന്നീട് മുടങ്ങിപ്പോയിരുന്നു. ഒന്നര പതിറ്റാണ്ടിന് ശേഷമാണ് ഇപ്പോൾ പദ്ധതി ജീവൻ വച്ചത്.

കര, ജലം, വായു മാർഗങ്ങളുടെ സംയോജനത്തിലൂടെ മൾട്ടി മോഡൽ ട്രാൻസിറ്റ് ഹബായി മാറുന്ന പദ്ധതികളാണ് നെടുമ്പാശേരിയിൽ വരുന്നത്.കൊച്ചി മെട്രോ മൂന്നാം ഘട്ടത്തിൻറെ ഭാഗമായി മെട്രോ സ്റ്റേഷനും വാട്ടർ മെട്രോയും നെടുമ്പാശേരി വിമാനത്താവളവുമായി ബന്ധപ്പെടുത്തി വരുന്നുണ്ട്.

വിമാനത്താവളത്തിന് മുന്നിലെ താജ് ഹോട്ടലിന് സമീപമുള്ള സ്ഥലമാണ് എയർപോർട്ട് മെട്രോ സ്റ്റേഷനായി പരിഗണിക്കുന്നത്.മെട്രോ സ്റ്റേഷനിൽ നിന്ന് ടെർമിനലുകളിലേക്ക് നേരിട്ടുള്ള എസ്കലേറ്റർ കണക്ടിവിറ്റിയും ആലോചനയിലുണ്ട്.

പദ്ധതികൾ യാഥാർഥ്യമാകുന്നതോടെ വിമാനത്താവളം, റെയിൽവേ, മെട്രോ, വാട്ടർ മെട്രോ, റോഡ് ഗതാഗതം എന്നിവ ഏകോപിപ്പിക്കുന്ന മൾട്ടി മോഡൽ ട്രാൻസിറ്റ് ഹബായി നെടുമ്പാശേരി മാറും.

# സംസ്ഥാന സ്കൂൾ കായികമേള; സംഘാടക സമിതി രൂപീകരിച്ചു

**കോഴിക്കോട്:** 68ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് (സ്കൂൾ ഒളിംപിക്സ്) ഇത്തവണ കോഴിക്കോട് വേദിയാകും. ഒക്ടോബർ 25 മുതൽ 31 വരെ ഏഴ് ദിവസങ്ങളിലായാണ് മേള സംഘടിപ്പിക്കുന്നതെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ പറഞ്ഞു.

കായികമേളയുടെ സംഘാടക സമിതി രൂപീകരണ യോഗം കോഴിക്കോട് പ്രോവിഡൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എൻഐടി) സിൻതെറ്റിക് ഗ്രൗണ്ടാണ് മേളയുടെ പ്രധാന വേദി. സംസ്ഥാന കലാകായിക മേളകൾ വിജയകരമായ നടത്തിയ പാരമ്പര്യമുള്ള ജില്ലയാണ് കോഴിക്കോട്. 15 വർഷത്തിനുശേഷം ജില്ലയിലേക്ക് തിരിച്ചെത്തിയ മേളയിൽ മാറ്റുരയ്ക്കാനായി എത്തുന്ന കൗമാര കായിക താരങ്ങൾക്ക് എല്ലാവിധ സൗകര്യങ്ങളും പ്രോത്സാഹനങ്ങളും കോഴിക്കോട്ടുകാർ നൽകുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.

കുട്ടികളിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗവും ലഹരി താല്പര്യങ്ങളും തടയാൻ കായിക പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. കുട്ടികളിലെ കായികാഭിരുചി പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാർ നയം. കായിക മേഖലയിലൂടെ കുട്ടികളുടെ ശാരീരിക ക്ഷമത ഉറപ്പാക്കാനും നല്ലൊരു സംസ്കാരം വളർത്തിയെടുക്കാനും സാധിക്കുമെന്നും മന്ത്രി പറഞ്ഞു. അത്‌ലറ്റിക്സിനു പുറമെ അക്വാട്ടിക്സ്, കരാട്ടേ, വുഷു, യോഗ, ഷട്ടിൽ ബാഡ്മിൻറൺ, ബാസ്കറ്റ്ബോൾ, നെറ്റ്ബോൾ, ത്രോബോൾ, സോഫ്റ്റ്ബോൾ, ബേസ്ബോൾ, ടഗ് ഓഫ് വാർ തുടങ്ങി 41 ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ പ്രത്യേക ഷെഡ്യൂളിൽ പിന്നീട് നടക്കുമെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ ജില്ലകളിൽ നിന്നുള്ള കായിക പ്രതിഭകൾക്കൊപ്പം ഗൾഫ് നാടുകളിലെ മലയാള സ്കൂളുകളിൽ നിന്നുള്ള കുട്ടികളും മേളയിൽ മാറ്റുരയ്ക്കും.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന സവിശേഷ പരിമിതരായ കുട്ടികളുടെ കായികപരമായ അഭിരുചി വളർത്തിയെടുക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച ഇൻക്ലൂസീവ് സ്പോർട്സ് കേരള സ്കൂൾ കായികമേളയുടെ ഭാഗമായി സംഘടിപ്പിക്കും. പതിനായിരത്തോളം കായിക പ്രതിഭകൾ അണ്ടർ 14, 17, 19 (ആൺകുട്ടികൾ പെൺകുട്ടികൾ) വിഭാഗങ്ങളിൽ വിവിധ കായിക ഇനങ്ങളിലായി മത്സരിക്കും. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി.ഡി. സതീശൻ, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ എന്നിവർ മുഖ്യരക്ഷാധികാരികളായുള്ള സംഘാടക സമിതിയാണ് രൂപീകരിച്ചത്. ജില്ലയിലെ എംപിമാർ, എംഎൽഎമാർ, കോർപറേഷൻ മേയർ, ജില്ല പഞ്ചായത്ത് പ്രസിഡൻറ്, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, കായികയുവജന വകുപ്പ് ഡയറക്ടർ, ജില്ല കളക്ടർ, ജില്ല പൊലിസ് മേധാവി കോഴിക്കോട് റൂറൽ, സിറ്റി പൊലിസ് കമ്മിഷ്ണർ, കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എന്നിവർ രക്ഷാധികാരികളാകും. എം.എ. റസാഖ് എംഎൽഎ ചെയർപേഴ്സണും ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എം.കെ. നദീറ വൈസ് ചെയർപേഴ്സണും വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്നേഹിൽ കുമാർ സിംഗ് എക്സ് ഒഫിഷ്യോ പ്രസിഡൻറുമായ സമിതിയ്ക്കാണ് രൂപം നൽകിയത്. ഇതിനു പുറമെ മേളയുടെ സുഖമമായ നടത്തിപ്പിനായി 17 സബ് കമ്മിറ്റികൾക്കും രൂപം നൽകി. ജനപ്രതിനിധികൾ ചെയർപേഴ്സൺമാരും അധ്യാപകർ കൺവീനർമാരുമായാണ് സബ് കമ്മിറ്റികൾ പ്രവർത്തിക്കുക. ചടങ്ങിൽ കെ. ജയന്ത് എംഎൽഎ അധ്യക്ഷനായി. എം.കെ. രാഘവൻ എംപി മുഖ്യാതിഥിയായി. കോർപറേഷൻ മേയർ ഒ. സദാശിവൻ, എംഎൽഎമാരായ പാറയ്ക്കൽ അബ്ദുള്ള, എം.എ. റസാഖ് , കെ.എം. അഭിജിത്, ഫാത്തിമ തഹ്‌ലിയ, വി.ടി. സൂരജ്, വിദ്യ ബാലകൃഷ്ണൻ, പി.കെ. ഫിറോസ്, ജില്ല പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ, വൈസ് പ്രസിഡന്റ് കെ.കെ. നവാസ്, ജില്ല കളക്ടർ എം.എസ്. മാധവിക്കുട്ടി, കോഴിക്കോട് സിറ്റി പൊലിസ് കമ്മീഷണർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്നേഹിൽ കുമാർ സിംഗ് തുടങ്ങിയവർ പങ്കെടുത്തു.





# ഉത്തരേന്ത്യയിലെ മഴയിൽ പ്രതീക്ഷയോടെ കേരളം; പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത 5045 മെഗാവാട്ടിൽ

**തിരുവനന്തപുരം:** ഉത്തരേന്ത്യയിലെ കനത്ത മഴ കേരളത്തിലെ ചൂടിൽ കെഎസ്ഇബിക്ക് ആശ്വാസമാകുന്നു. സംസ്ഥാനത്ത് ഭാഗിക വൈദ്യുതിനിയന്ത്രണത്തിന്റെ സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിലും പവർ എക്സ്ചേഞ്ചിൽ രാത്രിയിലെ പീക്ക് സമയത്തേക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാകുമെന്ന പ്രതീക്ഷയിലാണ് കെഎസ്ഇബി. കഴിഞ്ഞദിവസങ്ങളിൽ പലയിടത്തും രാത്രി വൈദ്യുതിനിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നു.

മഴ പെയ്തതോടെ ഉത്തരേന്ത്യയിലെ വൈദ്യുതി ആവശ്യകത കുറഞ്ഞതിനാൽ മധ്യപ്രദേശിൽനിന്ന് രാത്രി 200 മെഗാവാട്ട് വൈദ്യുതി കടമായി ലഭിക്കുന്നുണ്ട്. ഇത് ഡിസംബറിൽ തിരികെ നൽകണമെന്നാണ് വ്യവസ്ഥ. ഡിസംബറിലേക്കു കൂടുതൽ വൈദ്യുതി കരാറുകൾക്ക് കെഎസ്ഇബി വൈദ്യുതി റഗുലേറ്ററി കമ്മിഷന്റെ അനുമതി തേടിയെങ്കിലും ഉത്തരവായിട്ടില്ല.

അടുത്തമാസം പകുതിയോടെ രണ്ട് ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾ കമ്മിഷൻ ചെയ്യുന്നതും കേരളത്തിന്റെ വൈദ്യുതി ആവശ്യകത നേരിടാൻ സഹായിക്കും.

സംസ്ഥാനത്ത് ചൂട് ക്രമാതീതമായി വർധിക്കുന്ന സാഹചര്യത്തിൽ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത കഴിഞ്ഞദിവസം 5045 മെഗാവാട്ടിൽ എത്തി.

ഇത് സെപ്റ്റംബറിലെ എക്കാലത്തെയും ഉയർന്ന ആവശ്യകതയാണ്. വൈദ്യുതി ഉപയോഗം 9.539 കോടി യൂണിറ്റ് ആയി. ഇതിൽ 2.682 കോടി യൂണിറ്റ് മാത്രമാണ് കേരളത്തിൽ ഉൽപാദിപ്പിച്ചത്.



# മണർകാട് പള്ളി: പ്രധാന പെരുന്നാൾ നാളെ

**മണർകാട്:** വിശ്വാസികൾക്ക് അനുഗ്രഹദർശനമായി മണർകാട് പള്ളിയിലെ നടതുറക്കൽ ഇന്നലെ നടന്നു. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം ദർശനത്തിനായി തുറന്നു നൽകുന്ന ചടങ്ങാണിത്. രാവിലെ 11.30നു ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിലായിരുന്നു നടതുറക്കൽ ചടങ്ങുകൾ. രാവിലത്തെ മൂന്നിന്മേൽ കുർബാനയ്ക്കും ശ്രേഷ്ഠ ബാവാ കാർമികത്വം വഹിച്ചു.

ഉച്ചയ്ക്ക് 1.30നു കറിനേർച്ചയ്ക്കായുള്ള പന്തിരുനാഴി ഘോഷയാത്രയും രാത്രി 8.30നു കരോട്ടെ പള്ളി ചുറ്റി പ്രദക്ഷിണവും നടന്നു. രാത്രി 12 മുതൽ കറിനേർച്ച വിതരണംനടത്തി. ഇന്നാണ് പ്രധാന പെരുന്നാൾ. ഇന്ന് ഉച്ചയ്ക്ക് 2നു പ്രദക്ഷിണം, നേർച്ചവിളമ്പ്. 14നു നട അടയ്ക്കും.

റാസയിൽ മുത്തുക്കുടകളും പൊൻ, വെള്ളി കുരിശുക ളുമേന്തി വിശ്വാസികൾ പങ്കുചേർന്നു. മധ്യാഹ്ന പ്രാർഥനയ്ക്കു ശേഷം മുത്തുക്കുടകൾ വിശ്വാസികൾക്കു കൊടുത്തു തുടങ്ങി. കൽക്കുരിശ്, കണിയാംകുന്ന് കുരിശിൻതൊട്ടി എന്നിവിടങ്ങളിലെ ധൂപപ്രാർഥനയ്ക്കു ശേഷം മണർകാട് കവലയിലെ കുരിശുപള്ളിയും ചുറ്റി വൈകിട്ട് 5ന് ആണു പ്രദക്ഷിണം വലിയ പള്ളിയിൽ തിരിച്ചെത്തിയത്. ഫാ. എം.ഐ.തോമസ് മറ്റത്തിൽ, ഫാ. ഗീവർഗീസ് നടുമുറിയിൽ, ഫാ. സനോജ് കരോട്ടേക്കുറ്റ് എന്നിവർ കാർമികത്വം വഹിച്ചു.



# തൊടുപുഴ– ബെംഗളൂരു സൂപ്പർ ഡീലക്സ് തുടങ്ങി; ടിക്കറ്റ് നിരക്ക് 828 രൂപ

**തൊടുപുഴ:** തൊടുപുഴയിൽ നിന്നു കോയമ്പത്തൂർ വഴി ബെംഗളൂരുവിലേക്ക് പുതിയ കെഎസ്ആർടിസി സൂപ്പർ ഡീലക്സ് ബസ് സർവീസ് ആരംഭിച്ചു. സർവീസിന്റെ ഫ്ളാഗ് ഓഫ് കെഎസ്ആർടിസി ഡിപ്പോയിൽ ഗവ. ചീഫ് വിപ് അപു ജോൺ ജോസഫ് നിർവഹിച്ചു.

ആഴ്ചയിൽ രണ്ട് സർവീസുകൾ ആണ് നടത്തുന്നത്. ഞായറാഴ്ചകളിൽ വൈകിട്ട് 4.45ന് തൊടുപുഴയിൽ നിന്നു പുറപ്പെട്ട് പുലർച്ചെ നാലു മണിക്ക് ബെംഗളൂരുവിൽ എത്തും. തിങ്കളാഴ്ച ഉച്ചയ്ക്ക് 2.45 ന് ബെംഗളൂരുവിൽ നിന്നു പുറപ്പെട്ട് രാത്രി രണ്ടു മണിക്ക് തൊടുപുഴയിൽ എത്തും. വ്യാഴാഴ്ച വൈകിട്ട് 4. 45ന് തൊടുപുഴയിൽ നിന്ന് പുറപ്പെട്ട് പുലർച്ചെ നാലു മണിക്ക് ബെംഗളൂരുവിൽ എത്തും. വെള്ളിയാഴ്ച രാത്രി 8 .45 ബെംഗളൂരുവിൽ നിന്ന് പുറപ്പെട്ട് പിറ്റേന്ന് രാവിലെ ഏഴു മണിക്ക് തൊടുപുഴയിൽ എത്തും. ടിക്കറ്റ് നിരക്ക് 828 രൂപയാണ്. വൈകാതെ തന്നെ പുതിയ എസി ബസ് അനുവദിക്കാമെന്ന് ഗതാഗത മന്ത്രി സി.പി.ജോൺ അറിയിച്ചിട്ടുണ്ടെന്ന് അപു ജോൺ ജോസഫ് പറഞ്ഞു. തൊടുപുഴ ഡിപ്പോയുടെ ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

എസ്ടിഎ മെംബർ കെ.സുരേഷ് ബാബു അധ്യക്ഷത വഹിച്ചു. എടിഒ എം.ജി. രാജീവ്, വാർഡ് കൗൺസിലർ ആതിര ജോഷി,കെഎസ്ആർടിസി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, കെഎസ്ആർടിസി ജീവനക്കാർ, പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. ആദ്യ ദിവസം തന്നെ ബസിൽ പോകുന്നതിനായി ഒട്ടേറെ യാത്രക്കാർ ബുക്ക് ചെയ്തിരുന്നതായി അധികൃതർ പറഞ്ഞു.



# കൊല്ലം രൂപത സപ്ത ശതാബ്ദി: കോവിൽത്തോട്ടം ഇടവകയിലെ ആഘോഷങ്ങൾ ആരംഭിച്ചു

**ചവറ:** കൊല്ലം രൂപതയുടെ സപ്ത ശതാബ്ദി ആഘോഷങ്ങൾക്ക് കോവിൽത്തോട്ടം ആൻഡ്രൂസ് ഇടവകയിൽ തുടക്കമായി. ഇടവക വികാരി ഫാ. ജോസഫ് ഡാനിയേൽ ജൂബിലി പതാക ഉയർത്തി.

തുടർന്ന് ഇടവകതല ജൂബിലി ആഘോഷ പ്രഖ്യാപനം നടത്തി. സമാരംഭ ദിവ്യബലിക്ക് ഫാ. ജോൺ ബ്രിട്ടോ കപ്പൂച്ചിൻ മുഖ്യ കാർമികത്വം വഹിച്ചു. ഫാ. യേശുദാസ് മരിയാൻ, ഫാ. ജോസഫ് ഡാനിയേൽ എന്നിവർ സഹകാർമികരായി. ആഘോഷ പരിപാടികൾക്ക് ഇടവക അജപാലന സമിതി, സിസ്റ്റേഴ്സ്, ബിസിസി ആനിമേറ്റർമാർ, വിവിധ സംഘടന പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി.

ഇടവകയിൽ ആത്മീയ നവീകരണത്തിനും സാമൂഹിക മുന്നേറ്റത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയുള്ള വിവിധ കർമപരിപാടികൾ നടപ്പിലാക്കുമെന്ന് ഇടവക വികാരി ഫാ.ജോസഫ് ഡാനിയേൽ അറിയിച്ചു

## മോഹൻലാൽ– വിഷ്ണു മോഹൻ ചിത്രം

# ഓപ്പറേഷൻ ഗംഗ

മോഹൻലാലിനെ നായകനാക്കി വിഷ്ണു മോഹൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ പേര് പ്രഖ്യാപിച്ചു. ശ്രീ ഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലൻ നിർമിക്കുന്ന ചിത്രത്തിന് ഓപ്പറേഷൻ ഗംഗ എന്നാണ് പേര് നൽകിയിരിക്കുന്നത്. ചിത്രത്തിന്റെ തിരക്കഥയും സംവിധാനവും വിഷ്ണു മോഹനാണ് നിർവഹിക്കുന്നത്. ബൈജു ഗോപാലനും വി.സി. പ്രവീണും ചിത്രത്തിന്റെ സഹനിർമാതാക്കളാണ്. കൃഷ്ണമൂർത്തിയാണ് നിർവഹണ നിർമ്മാതാവ്. 200 കോടിയാണ് ഓപ്പറേഷൻ ഗംഗയുടെ ബജറ്റ്.

റഷ്യ-യുക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ നടത്തിയ ചരിത്രപ്രധാനമായ രക്ഷാദൗത്യമായ ഓപ്പറേഷൻ ഗംഗ യാണ് ചിത്രത്തിന്റെ പ്രമേയ പശ്ചാത്തലം. വൻ ക്യാൻവാസിലും മെഗാ ബജറ്റിലുമൊരുങ്ങുന്ന ചിത്രത്തിന്റെ ചിത്രീകരണം ജോർജിയയിൽ ആരംഭിച്ചു. മോഹൻലാൽ ഉടൻ ചിത്രത്തിന്റെ സംഘത്തിനൊപ്പം ചേരും.

പോളണ്ട്, ജോർജിയ, കസാഖിസ്ഥാൻ, ഡൽഹി, ഡെറാഡൂൺ, കൊച്ചി എന്നിവിടങ്ങളിലായി 180 ദിവസത്തെ ചിത്രീകരണമാണ് അണിയറപ്രവർത്തകർ ആസൂത്രണം ചെയ്തിരിക്കുന്നത്. വിദേശത്തെയും ബോളിവുഡിലെയും പ്രമുഖ താരങ്ങളും സാങ്കേതികപ്രവർത്തകരും ചിത്രത്തിന്റെ ഭാഗമാകുന്നുണ്ട്. ശ്രീ ഗോകുലം മൂവീസ് നിർമിക്കുന്ന ഏറ്റവും വലിയ ചിത്രങ്ങളിലൊന്നായാണ് ഓപ്പറേഷൻ ഗംഗ ഒരുങ്ങുന്നത്.

മോഹൻലാലിനൊപ്പം ബോളിവുഡ് താരം അർജുൻ രാംപാൽ, ആദിൽ ഹുസൈൻ, ഭാഗ്യശ്രീ ബോർസെ, പാർഥിപൻ എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ആദ്യ ചിത്രമായ മേപ്പടിയാൻ തന്നെ ദേശീയ പുരസ്കാരം നേടിയതിലൂടെ ശ്രദ്ധേയനായ സംവിധായകനാണ് വിഷ്ണു മോഹൻ. അദ്ദേഹത്തിന്റെ മൂന്നാമത്തെ സംവിധാന ചിത്രമാണ് ഓപ്പറേഷൻ ഗംഗ.

ധുരന്ധർ എന്ന പാൻ ഇന്ത്യൻ ചിത്രത്തിന്റെ വൻ വിജയത്തിന് ശേഷം ശ്രദ്ധേയനായ സംഗീത സംവിധായകൻ ശാശ്വത് സച്ച്ദേവ് ആണ് ചിത്രത്തിന് സംഗീതം ഒരുക്കുന്നത്. പുഷ്പയുടെ ഒന്നും രണ്ടും ഭാഗങ്ങളുടെ ഛായാഗ്രാഹകനായ മിറോസ്ലാവ് കുബ ബ്രോസെക് ആണ് ചിത്രത്തിന്റെ ദൃശ്യങ്ങൾ പകർത്തുന്നത്.

ധുരന്ധർ, കിൽ തുടങ്ങിയ ചിത്രങ്ങളിലെ ആക്ഷൻ രംഗങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച സെ യങ് ഓ ആണ് ചിത്രത്തിന്റെ സംഘട്ടന രംഗങ്ങൾ ഒരുക്കുന്നത്.

ഗോട്ട്, മെയ്യഴകൻ, അമരൻ, കത്തനാർ തുടങ്ങിയ ചിത്രങ്ങളിൽ പ്രൊഡക്ഷൻ ഡിസൈനറായി പ്രവർത്തിച്ച രാജീവൻ ആണ് കലാസംവിധാനം നിർവഹിക്കുന്നത്. ഷമീർ മുഹമ്മദ് ചിത്രസംയോജനവും നിർവഹിക്കും.

ധുരന്ധർ, യൂആർഐ, ത്രീ ഇഡിയറ്റ്സ്, പദ്മാവത് തുടങ്ങിയ ചിത്രങ്ങളിൽ പ്രവർത്തിച്ച ബിശ്വദീപ് ചാറ്റർജിയാണ് ശബ്ദരൂപകൽപ്പന നിർവഹിക്കുന്നത്. കാന്താരയിൽ വിഷ്വൽ എഫക്ട്സ് വിഭാഗത്തിൽ പ്രവർത്തിച്ച കെ.വി. സഞ്ജിത്ത് ദൃശ്യപ്രഭാവങ്ങളുടെ മേൽനോട്ടം വഹിക്കും.






സഫേദ് സാഗർ, ബോർഡർ 2, ഫൈറ്റർ തുടങ്ങിയ ചിത്രങ്ങളിൽ സൈനിക ഉപദേഷ്ടാവായി പ്രവർത്തിച്ച സ്ക്വാഡ്രൺ ലീഡർ വെർലിൻ പൻവാർ ചിത്രത്തിന്റെ സൈനിക ഉപദേഷ്ടാവാണ്.

നിരവധി ഹിറ്റ് ചിത്രങ്ങളുടെ പ്രമോഷൻ കൺസൾട്ടന്റായ വിപിൻകുമാറാണ് ഈ ചിത്രത്തിന്റെയും പ്രമോഷൻ കൺസെൻട്ടന്റ് ലോക ചിത്രത്തിന്റെ വസ്ത്രാലങ്കാരം നിർവഹിച്ച മെൽവി ജെയാണ് ഓപ്പറേഷൻ ഗംഗയുടെയും വസ്ത്രാലങ്കാരം ഒരുക്കുന്നത്. റോണക്സ് സേവ്യർ ചമയവും റിന്നി ദിവാകർ നിർമ്മാണ നിയന്ത്രണവും നിർവഹിക്കും.

ശ്രീ ഗോകുലം മൂവീസിന്റെ ബാനറിൽ നിലവിൽ ഒരുങ്ങുന്ന മറ്റ് പ്രധാന ചിത്രങ്ങളിൽ സുരേഷ് ഗോപി നായകനാകുന്ന ഒറ്റക്കൊമ്പൻ, ജയസൂര്യ നായകനാകുന്ന കത്തനാർ, എസ്.ജെ. സൂര്യ സംവിധാനം ചെയ്യുന്ന കില്ലർ എന്നിവയും ഉൾപ്പെടുന്നു.

വലിയ താരനിരയും വിദേശ ലൊക്കേഷനുകളും പ്രമുഖ സാങ്കേതികപ്രവർത്തകരും അണിനിരക്കുന്ന ഓപ്പറേഷൻ ഗംഗ മലയാള സിനിമയിൽ വലിയ പ്രതീക്ഷ ഉയർത്തുന്ന ചിത്രങ്ങളിലൊന്നായാണ് ഒരുങ്ങുന്നത്.

# മേളയുമായി മമ്മൂട്ടി




മമ്മൂട്ടിയെ നായകനാക്കി നിതീഷ് സഹദേവ് ഒരുക്കുന്ന ബിഗ് ബജറ്റ് മാസ് ആക്ഷൻ എൻറർടെയ്നർ ചിത്രത്തിന്റെ ടൈറ്റിൽ പുറത്ത്. മേള എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിലെ മമ്മൂട്ടിയുടെ തകർപ്പൻ ഫസ്റ്റ് ലുക്ക് പോസ്റ്ററും പുറത്തുവിട്ടു. മെഗാസ്റ്റാർ മമ്മൂട്ടിയുടെ ജന്മദിനം പ്രമാണിച്ചാണ് ചിത്രത്തിന്റെ ടൈറ്റിലും ഫസ്റ്റ് ലുക്കും പുറത്തുവിട്ടത്.

മമ്മൂട്ടി കമ്പനിയുടെ ബാനറിൽ മമ്മൂട്ടി നിർമിക്കുന്ന ഒൻപതാം ചിത്രമാണിത്. മാത്രമല്ല, മമ്മൂട്ടി കമ്പനി ഇതുവരെ നിർമിച്ചതിൽ ഏറ്റവും വലിയ ചിത്രം കൂടിയാണിത്. ഒരു പക്കാ മാസ്സ് എന്റർടെയ്നർ ആയാണ് ചിത്രം ഒരുങ്ങുന്നത്.

സംവിധായകൻ നിതീഷ് സഹദേവും അനുരാജ് ഒ.ബി.യും ചേർന്നാണ് ചിത്രം രചിച്ചിരിക്കുന്നത്. ആരാധകരുടെ ആവേശവും പ്രതീക്ഷയും പതിന്മടങ്ങ് വർധിപ്പിക്കുന്ന രീതിയിലാണ് ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ ഒരുക്കിയിരിക്കുന്നത്. ചിത്രം 2027 ൽ തിയേറ്ററുകളിലെത്തും.

സർക്കസ് കമ്പനി ഉടമയായ ഗ്യാംഗ്സ്റ്ററായാകും മമ്മൂട്ടി മേളയിൽ പ്രത്യക്ഷപ്പെടുകയെന്നാണ് സൂചന. ഫസ്റ്റ് ലുക്കിനപ്പുറം ചർച്ചയാകുന്നത് ചിത്രത്തിന്റെ ടൈറ്റിലാണ്. ഈ പേരിന് മമ്മൂട്ടിയുടെ കരിയറിൽ വലിയൊരു പ്രാധാന്യമുണ്ട്.

മമ്മൂട്ടി കേന്ദ്ര കഥാപാത്രമായെത്തിയ ആദ്യ സിനിമയുടെ പേര് മേള എന്നായിരുന്നു. കെ.ജി . ജോർജിന്റെ സംവിധാനത്തിൽ 1980ൽ പുറത്തിറങ്ങിയ ചിത്രത്തിൽ വിജയൻ എന്ന കഥാപാത്രത്തെയാണ് മമ്മൂട്ടി അവതരിപ്പിച്ചത്. അതും സർക്കസ് ആസ്പദമാക്കി എടുത്ത സിനിമയായിരുന്നു.

46 വർഷങ്ങൾക്കിപ്പുറം മറ്റൊരു മേളയുമായി മമ്മൂട്ടി എത്തുമ്പോൾ ആരാധകരുടെ പ്രതീക്ഷ വാനോളമാണ്. ആരാധകർക്ക് ആഘോഷിക്കാനുള്ള എല്ലാ വകയും ചിത്രത്തിലുണ്ടാകുമെന്നാണ് കരുതുന്നത്. ഒരുപാട് നാളുകൾക്കുശേഷം വരുന്ന ഔട്ട് ആൻ ഔട്ട് മമ്മൂട്ടി മാസ് കമേഴ്സ്യൽ ചിത്രമാകും ഈ 'മേള'.

ജിംഷി ഖാലിദ് ആണ് ചിത്രത്തിന് കൈമറ ചലിപ്പിക്കുന്നത്. ജൂലൈ അവസാനം ആരംഭിച്ച ചിത്രത്തിന്റെ ചിത്രീകരണം ഇപ്പോൾ പുരോഗമിക്കുകയാണ്. ഗംഭീര മാസ് ലുക്കിലാണ് ചിത്രത്തിൽ മമ്മൂട്ടിയെ അവതരിപ്പിക്കുന്നത്. മമ്മൂട്ടിയുടെ ആക്ഷൻ, കോമഡി, മാസ് എന്നിവ കോർത്തിണക്കി എല്ലാത്തരം പ്രേക്ഷകരെയും തൃപ്തിപ്പെടുത്തുന്ന ഒരു മെഗാ കാൻവാസ് ചിത്രമായയാണ് ഇതൊരുങ്ങുന്നത്.

ഫാലിമി എന്ന സൂപ്പർ ഹിറ്റ് ഒരുക്കി അരങ്ങേറ്റം കുറിച്ച നിതീഷ് സഹദേവ് അതിന് ശേഷം തമിഴിൽ തലൈവർ തമ്പി തലൈമയിൽ എന്ന സൂപ്പർ ഹിറ്റും ഒരുക്കിയിരുന്നു. അദ്ദേഹം വീണ്ടും മലയാളത്തിൽ സംവിധാനം ചെയ്യുന്ന ചിത്രം എന്ന നിലയിലും ഈ പ്രോജക്ട് പ്രേക്ഷകർക്കിടയിൽ വലിയ ആവേശം സൃഷ്ടിക്കുന്നുണ്ട്. ജീൻ പോൾ ലാൽ, സിദ്ധാർത്ഥ് ഭരതൻ എന്നിവർ പ്രധാന വേഷം കൈകാര്യം ചെയ്യുമ്പോൾ ഹാഷിറും മേളയുടെ ഭാഗമായേക്കുമെന്നാണ് റിപ്പോർട്ടുകൾ.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ജോർജ് സെബാസ്റ്റ്യൻ, ലൈൻ പ്രൊഡ്യൂസർ: സുനിൽ സിങ്, കഥ, തിരക്കഥ നിതീഷ് സഹദേവ്, അനുരാജ് ഓ ബി, പ്രൊജക്റ്റ് ഡിസൈനർ അഗ്നിവേഷ് രഞ്ജിത്ത്, ഛായാഗ്രഹണം ജിംഷി ഖാലിദ്, എഡിറ്റർ ബ്ലെസ് തോമസ്, പ്രൊഡക്ഷൻ ഡിസൈൻ ഷാജി നടുവിൽ, ആക്ഷൻ കാർത്തികേയൻ, മേക്കപ്പ് റോണക്സ് സേവ്യർ, സലാം, കോസ്റ്റ്യൂം ഡിസൈൻ മെൽവി ജെ, അഭിജിത്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ രതീഷ് എസ് പിള്ളൈ, പ്രൊഡക്ഷൻ കൺട്രോളർ അരോമ മോഹൻ, വിഎഫ്എക്സ് സൂപ്പർവൈസർ തൗഫീഖ് ഹുസൈൻ, വിഎഫ്എക്സ് എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, അസ്സോസിയേറ്റ് ഡിറക്ടർസ് ആഷിഖ് സലാം, റിത്വിക് ലിമ രാമദാസ്, സ്റ്റിൽസ് നവിൻ മുരളി, ടൈറ്റിൽ ആൻഡ് പോസ്റ്ററേർസ് യെല്ലോടൂത്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് വിഷ്ണു സുഗതൻ, പിആർഒ വൈശാഖ് സി. വടക്കേവീട്, ജിനു അനിൽകുമാർ.



# വേൾപൂൾ 4 ഡോർ റഫ്രിജറേറ്റർ സീരീസ് വിപണിയിൽ

**കൊച്ചി:** വേൾപൂൾ 4ഡോർ റഫ്രിജറേറ്റർ നിരയായ ലക്സുറിയം വിപണിയിലെത്തി.

654 ലിറ്റർ ശേഷിയുള്ള ഈ ഫ്ളാഗ്ഷിപ്പ് റഫ്രിജറേറ്റർ വേൾപൂളിൻറെ ഇതുവരെയുള്ളതിൽ നൂതനമായ സാങ്കേതികവിദ്യയാണ് അവതരിപ്പിക്കുന്നത്.

മികച്ച കൂളിംഗ് ടെക്നോളജി, ആവശ്യാനുസരണം മാറ്റിയെടുക്കാവുന്ന സ്‌റ്റോറേജ് സൗകര്യങ്ങൾ, ആഡംബര ഫിനിഷുകൾ, മനോഹരമായ ഉൾവശം എന്നിവ പ്രത്യേകതയാണ്.

വേഗമേറിയ കൺവെർട്ടബിൾ ഫീച്ചറിലൂടെ ഫ്രീസർ കമ്പാർട്ട്മെൻറിനെ 30 മിനിറ്റിനുള്ളിൽ റഫ്രിജറേറ്റർ മോഡിലേക്കു മാറ്റാനാകും.

# ടാറ്റാ സൺസ് ചെയർമാൻ: ടി.വി. നരേന്ദ്രന് മുൻതൂക്കം

**മുംബൈ:** 27,500 ഡോളറിലധികം മൂല്യമുള്ള ടാറ്റാ ഗ്രൂപ്പിന്റെ മാതൃകമ്പനിയായ ടാറ്റാ സൺസിന്റെ പുതിയ ചെയർമാനെ കണ്ടെത്താനുള്ള നടപടികൾ അന്തിമഘട്ടത്തിലേക്ക്.

നിലവിലെ ചെയർമാൻ എൻ. ചന്ദ്രശേഖരൻറെ കാലാവധി 2027 ഫെബ്രുവരിയിൽ അവസാനിക്കാനിരിക്കെ, പുതിയ തലവനെ തെരഞ്ഞെടുക്കാനുള്ള ചുരുക്കപ്പട്ടികയിൽ മൂന്നു പ്രമുഖർ ഇടംനേടിയതായി റിപ്പോർട്ടുണ്ട്.

ടാറ്റാ സ്റ്റീൽ സിഇഒയും എംഡിയുമായ ടി.വി. നരേന്ദ്രൻ, ടാറ്റാ സൺസ് ഗ്രൂപ്പ് സിഎഫ്ഒ സൗരഭ് അഗർവാൾ, നാഷണൽ സ്‌റ്റോക്ക് എക്സ്ചേഞ്ച് എംഡിയും സിഇഒയുമായ ആശിഷ് ചൗഹാൻ എന്നിവരാണ് സാധ്യതാപട്ടികയിലുള്ളത്.

1988 മുതൽ ടാറ്റാ ഗ്രൂപ്പിന്റെ ഭാഗമായ ടി.വി. നരേന്ദ്രനാണ് മുൻതൂക്കം.കഴിഞ്ഞ പത്തു വർഷത്തിലധികമായി ടാറ്റാ സ്റ്റീലിനെ വിജയകരമായി നയിക്കുന്ന അദ്ദേഹത്തിന് വ്യവസായരംഗത്തു വലിയ പരിചയസമ്പത്തുണ്ട്.

2017ൽ ടാറ്റാ സൺസ് ചെയർമാനായി ചുമതലയേറ്റ എൻ. ചന്ദ്രശേഖരൻ  രണ്ടാമൂഴം പൂർത്തിയാക്കി 2027 ഫെബ്രുവരി 20ഓടെ സ്ഥാനം ഒഴിയുമെന്ന് കഴിഞ്ഞമാസം പ്രഖ്യാപിച്ചിരുന്നു.

ടാറ്റാ ട്രസ്റ്റ് ചെയർമാൻ നോയൽ ടാറ്റ ഉൾപ്പെടുന്ന പാനലാണ് പുതിയ ചെയർമാനെ തീരുമാനിക്കുന്നത്. എയർ ഇന്ത്യയുടെ വിപുലീകരണം, സെമികണ്ടക്ടർ നിർമാണം, ടിസിഎസ് ടെക്നോളജി മാറ്റങ്ങൾ തുടങ്ങി വൻകിട പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകേണ്ട വലിയ ഉത്തരവാദിത്വമായിരിക്കും പുതിയ ചെയർമാനെ കാത്തിരിക്കുന്നത്.

# ബ്ലൂ സ്റ്റാറിന്റെ മെഡ്ടെക് സൊലൂഷൻസ് ഏറ്റെടുത്ത് സൈറിക്സ് ഹെൽത്ത്കെയർ

**കൊച്ചി:** ബ്ലൂസ്റ്റാർ എൻജിനിയറിംഗ് ആൻഡ് ഇലക്ട്രോണിക്സിൻറെ മെഡിക്കൽ മെഡ്ടെക് സൊലൂഷൻസ് ബിസിനസ് ഏറ്റെടുക്കൽ പൂർത്തിയാക്കിയതായി കൊച്ചി ആസ്ഥാനമായ സൈറിക്സ് ഹെൽത്ത്കെയർ അറിയിച്ചു.

ഇതോടെ മെഡിക്കൽ ഇമേജിംഗ്, ഉപകരണങ്ങളുടെ വിൽപന, ഇൻസ്റ്റലേഷൻ, മെയിൻറനൻസ്, റിപ്പയർ തുടങ്ങിയ മേഖലകളിലെ സിറിക്സിന്റെ ശേഷി കൂടുതൽ ശക്തമാകും.

നിലവിൽ 320 കോടി വിറ്റുവരവുള്ള കമ്പനി ഇതോടെ 30 40 ശതമാനം വളർച്ച കൈവരിക്കുമെന്നാണ് പ്രതീക്ഷയെന്നും സഹസ്ഥാപകരും എക്സിക്യൂട്ടീവ് ഡയറക്ടർമാരുമായ എസ്. അജിത് കുമാർ, ജോയ് കെ. ജോൺ എന്നിവർ അറിയിച്ചു.

മെഡിക്കൽരംഗത്തു സമഗ്ര ലൈഫ്സൈക്കിൾ സേവനങ്ങൾ നൽകുന്ന ഹെൽത്ത്കെയർ ടെക്നോളജി മാനേജ്മെൻറ് കമ്പനിയാണ് സൈറിക്സ് ഹെൽത്ത്കെയർ.




ആസ്റ്റർ മെഡിസിറ്റിയിൽ സംഘടിപ്പിച്ച് പത്താമത് മൺസൂൺ സിഎംഇ ഐ.എ.പി സംസ്ഥാന പ്രസിഡന്റ് ഡോ. എം.കെ. നന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു. ഡോ.എഡ്വിൻ ഫ്രാൻസീസ്, ഡോ. സുൾഫിക്കർ അഹമ്മദ്, ഡോ. ജീസൺ സി.ഉണ്ണി, ഡോ. സത്യജിത്ത് നായർ, ഡോ.ടി.ആർ ജോൺ എന്നിവർ സമീപം.

# ശിശുമരണനിരക്ക് കുറയ്ക്കാൻ പീഡിയാട്രിക് കാർഡിയോളജി പരിചരണം ശക്തമാക്കണം: ഡോ. എം.കെ.നന്ദകുമാർ

**കൊച്ചി:** കുട്ടികളിലെ മരണനിരക്ക് കുറയ്ക്കുന്നതിന് പീഡിയാട്രിക് കാർഡിയോളജി പരിചരണം കൂടുതൽ ശക്തമാക്കണമെന്നും ശിശുരോഗ വിദഗ്ദ്ധർ തങ്ങളുടെ ദൈനംദിന ചികിത്സാരീതികളിൽ ഹൃദ്രോഗ പരിചരണത്തിന് ഉയർന്ന പ്രാധാന്യം നൽകണമെന്നും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) സംസ്ഥാന പ്രസിഡന്റ് ഡോ. എം.കെ. നന്ദകുമാർ അഭിപ്രായപ്പെട്ടു. നവജാതശിശുക്കളിലും കുട്ടികളിലും കാണപ്പെടുന്ന എസ്.വി.ടി, ലോങ് ക്യു.ടി തുടങ്ങിയ അടിയന്തര ഹൃദ്രോഗാവസ്ഥകൾ കൃത്യസമയത്ത് തിരിച്ചറിയുന്നതും പ്രാരംഭ ഘട്ടത്തിൽ നൽകുന്ന ശരിയായ ചികിത്സയും മരണനിരക്കും അനുബന്ധ വൈകല്യങ്ങളും തടയുന്നതിൽ നിർണായകമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ആസ്റ്റർ മെഡ്സിറ്റി സെന്റർ ഓഫ് എക്സലൻസ് ഇൻ പീഡിയാട്രിക്സ് ആൻഡ് നിയോനറ്റോളജി, പീഡിയാട്രിക് കാർഡിയോളജി വിഭാഗം, ഐ.എ.പി കൊച്ചി ബ്രാഞ്ച് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ആസ്റ്റർ കിഡ്സ് പത്താമത് മൺസൂൺ സി.എം.ഇ' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഗോളതലത്തിലെ നൂതന ചികിത്സാരീതികൾ പരിചയപ്പെടുത്തുന്നതിനായി ആസ്റ്റർ മെഡ്സിറ്റി പീഡിയാട്രിക്സ് വിഭാഗം മുൻ മേധാവി ഡോ. പി.സി. അലക്സാണ്ടർ തുടക്കം കുറിച്ച മൺസൂൺ സി.എം.ഇ, കഴിഞ്ഞ പത്ത് വർഷം കൊണ്ട് സംസ്ഥാനത്തെ പ്രമുഖ തുടർച്ചയായ വൈദ്യശാസ്ത്ര വിദ്യാഭ്യാസ പദ്ധതിയായി മാറിയെന്ന് ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി.ആർ. ജോൺ പറഞ്ഞു. ചടങ്ങിൽ ഡോ. സുൾഫിക്കർ അഹമ്മദ്, ഡോ. പി.സി. അലക്സാണ്ടർ അനുസ്മരണ പ്രഭാഷണം നിർവഹിച്ചു. കുട്ടികളിലെ ഹൃദ്രോഗങ്ങൾ പ്രധാന വിഷയമായ നടന്ന ഏകദിന കോൺഫറൻസിൽ ജന്മനായുള്ള ഹൃദ്രോഗങ്ങൾ, നവജാതശിശുക്കളിലെ പൾമണറി ഹൈപ്പർടെൻഷൻ, കവസാക്കി രോഗം, അടിയന്തര ഹൃദ്രോഗ ചികിത്സകൾ എന്നിവയിൽ ശാസ്ത്രീയ സെഷനുകളും പാനൽ ചർച്ചകളും കേസ് പ്രസന്റേഷനുകളും പി.ജി വിദ്യാർത്ഥികൾക്കായുള്ള ക്വിസ് മത്സരവും നടന്നു.

സംഘാടക ചെയർമാനും ആസ്റ്റർ മെഡ്സിറ്റി സീനിയർ കൺസൾട്ടന്റുമായ ഡോ. ജീസൺ സി. ഉണ്ണി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഐ.എ.പി കൊച്ചി പ്രസിഡന്റ് ഡോ. വിജയൻ, ഓർഗനൈസിംഗ് സെക്രട്ടറിമാരായ ഡോ. അന്നു ജോസ്, ഡോ. വി.വി. ബിജേഷ്, ഐ.എ.പി സംസ്ഥാന സെക്രട്ടറി ഡോ. ഗോപിമോഹൻ, കൊച്ചി ഐ.എ.പി സെക്രട്ടറി ഡോ. സത്യനാഥ് നായർ, ഡോ. എഡ്വിൻ ഫ്രാൻസിസ്, ഡോ. എം. നാരായണൻ എന്നിവർ സംസാരിച്ചു.

# എസ്ബിഐയിൽ വൻ തൊഴിലവസരം; നിയമിക്കുന്നത് 12,000 പേരെ, 250 പുതിയ ശാഖകളും തുറക്കും

**മുംബൈ:** ബാങ്ക് ജോലി തേടുന്നവർക്ക് എസ്ബിഐയിൽ നിന്നൊരു ഹാപ്പി ന്യൂസ്. നടപ്പു സാമ്പത്തിക വർഷം (2026 –27) ബാങ്ക് 11,000 മുതൽ 12,000 വരെ പുതിയ നിയമനങ്ങൾ നടത്തുമെന്ന് പിടിഐക്ക് നൽകിയ അഭിമുഖത്തിൽ എസ്ബിഐ ചെയർമാൻ സി.എസ്.സേട്ടി പറഞ്ഞു. 250 പുതിയ ശാഖകളും തുറക്കും.

ക്ലെറിക്കൽ, നോൺക്ലെറിക്കൽ തസ്തികകളിൽ നിയമനങ്ങൾ നടക്കും. അതേസമയം, ഉദ്യോഗസ്ഥരുടെ വിരമിക്കലിന് അനുസരിച്ച് സംഖ്യയിൽ മാറ്റമുണ്ടാകാമെന്നും ചെയർമാൻ പറഞ്ഞു. കഴിഞ്ഞവർഷം (202526) പുതുതായി 25,633 പേരെ എസ്ബിഐ നിയമിച്ചു.

ഇതിൽ 4640 പേർ ഓഫിസർ തസ്തികയിലാണ് പ്രവേശിച്ചത്. 19,340 പേർ അസോഷ്യേറ്റുകളായും 1653 പേർ കരാർ വ്യവസ്ഥയിലും ജോലി നേടി.

കഴിഞ്ഞവർഷം 1500 ഐടി സ്പെഷലിസ്റ്റുകളെയും നിയമിച്ചിരുന്നു. ഈ വർഷം അത്തരമൊരു നിയമനം ആവശ്യമില്ലെന്നും ചെയർമാൻ വ്യക്തമാക്കി. 2026 മാർച്ച് പ്രകാരം എസ്ബിഐയിൽ ആകെ 2.45 ലക്ഷം ജീവനക്കാരുണ്ട്. ഇന്ത്യയിൽ ഏറ്റവുമധികം പേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലൊന്നാണിത്.




എൻഎസ്ഇയുടെ പ്രാരംഭ ഓഹരി വിൽപനയിൽ (എൻഎസ്ഇ ഐപിഒ) എസ്ബിഐയും ഉപസ്ഥാപനമായ എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സും സംയോജിതമായി 1% ഓഹരി പങ്കാളിത്തം വിറ്റൊഴിയുമെന്നും ചെയർമാൻ പറഞ്ഞു.

എസ്ബിഐ 0.65%, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് 0.35% എന്നിങ്ങനെയാണ് വിൽക്കുക.

നിലവിൽ എസ്ബിഐക്ക് 3.23%, ഉപസ്ഥാപനത്തിന് 4.33% എന്നിങ്ങനെ ഓഹരി പങ്കാളിത്തം എൻഎസ്ഇയിലുണ്ട്. 30,000 കോടി രൂപ സമാഹരിക്കാനുദ്ദേശിക്കുന്ന എൻഎസ്ഇ ഐപിഒയ്ക്ക് കഴിഞ്ഞദിവസം സെബി അനുമതി നൽകിയിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മിവി വൺ സ്മാർട്ട്ഫോൺ 24ന് പുറത്തിറങ്ങുന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ കൺസ്യൂമർ ടെക്നോളജി ബ്രാൻഡായ മിവി , ക്വാൽകോം, ഫ്ളിപ്കാർട്ട്, ഗൂഗിൾ എന്നിവരുമായി സഹകരിച്ച് സ്മാർട്ട്ഫോൺ വിപണിയിലേക്ക് കടക്കുന്നു. കമ്പനിയുടെ ആദ്യ സ്മാർട്ട്ഫോണായ മിവി വൺ ഈ മാസം 24ന് ഫ്ളിപ്കാർട്ടിലൂടെ മാത്രം പുറത്തിറക്കുമെന്ന് പ്രഖ്യാപിച്ചു. ഈ സെഗ്മെന്റിൽ സ്നാപ്ഡ്രാഗൺ 5ജി ചിപ്സെറ്റ് ഉൾപ്പെടുത്തുന്ന ഇന്ത്യയിലെ ഏക സ്മാർട്ട്ഫോൺ കൂടിയായിരിക്കും ഇത്. ഹൈദരാബാദിലെ മിവിയുടെ സ്വന്തം നിർമ്മാണ കേന്ദ്രത്തിലാണ് ഫോൺ നിർമ്മിക്കുന്നത്.



പേഴ്സണൽ, ഹോം ഓഡിയോ വിഭാഗങ്ങളിലെ വിജയത്തിന് ശേഷമാണ് മിവി സ്മാർട്ട്ഫോൺ രംഗത്തേക്ക് ചുവടുവെക്കുന്നത്. ഡിസൈൻ, റിസർച്ച് ആൻഡ് ഡെവലപ്മെന്റ്, എൻഡ്ടുഎൻഡ് നിർമ്മാണം എന്നിവയിൽ ഇന്ത്യയിൽ ഒരു ദശാബ്ദത്തോളമുള്ള അനുഭവസമ്പത്തുള്ള ബ്രാൻഡാണ് മിവിയെന്ന്

മിവിയുടെ സഹസ്ഥാപകൻ വിശ്വനാഥ് കണ്ടുല പറഞ്ഞു. ഇന്ത്യൻ ഉപഭോക്താക്കളുടെ ആവശ്യങ്ങളും ഉപയോഗരീതികളും പൂർണ്ണമായും മനസ്സിലാക്കിക്കൊണ്ട് പ്രകടന മികവും ചിന്താപൂർവ്വമായ ഡിസൈനും മികച്ച മൂല്യവും നൽകുന്ന രീതിയിലാണ് മിവി വൺ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഫ്ളിപ്കാർട്ടിന്റെ വിപുലമായ ഡിജിറ്റൽ കൊമേഴ്സ് ഇക്കോസിസ്റ്റവും രാജ്യവ്യാപകമായ ലോജിസ്റ്റിക്സ് സംവിധാനവും പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ സ്മാർട്ട്ഫോൺ ഇന്ത്യയിലെ എല്ലാ ഉപഭോക്താക്കളിലേക്കും എത്തിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ നിന്ന് ആഗോള നിലവാരമുള്ള ഒരു കൺസ്യൂമർ ടെക്നോളജി കമ്പനിയെ വളർത്തിയെടുക്കുന്നതിനുള്ള മിവിയുടെ വലിയ ചുവടുവെപ്പാണ് ഈ പുതിയ സ്മാർട്ട്ഫോൺ സംരംഭമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കുന്നു.



ദേശീയ നേത്രദാന വാരാചരണത്തിന്റെ ഭാഗമായി ചൈതന്യ ഐ ഹോസ്പിറ്റൽ ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച 'ഐ റൺ' മാരത്തോൺ സീസൺ 6 കൊച്ചി സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ എ.പി. ചന്ദ്രൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു. ഡോ. അനിൽ കൃഷ്ണൻ നായർ, ഡോ. നമ്രത ശർമ്മ, ഡോ. ശ്വേത സുകുമാരൻ, ഡോ. രാജേഷ് സിൻഹ, എസ്. രാജരത്തിനം, ജെറിൻ വർഗീസ് എന്നിവർ സമീപം.

## ദേശീയ നേത്രദാന വാരാഘോഷം: ചൈതന്യ 'ഐ റൺ' മാരത്തോണും തെരുവ് നാടകവും സംഘടിപ്പിച്ചു

**കൊച്ചി:** 41ാമത് ദേശീയ നേത്രദാന വാരാഘോഷങ്ങളുടെയും 16ാമത് കോർണിയ ആൻഡ് ഐ ബാങ്കിംഗ് ദേശീയ കോൺഫറൻസിന്റെയും ഭാഗമായി ചൈതന്യ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ 'ചൈതന്യ ഐ റൺ' മാരത്തോൺ സംഘടിപ്പിച്ചു. കൊച്ചി സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ എ.പി. ചന്ദ്രൻ കലൂർ ഐ.എം.എ ഹൗസിൽ വച്ച് മാരത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു. നേത്രദാനത്തെക്കുറിച്ചുള്ള പൊതുജന അവബോധം വർധിപ്പിക്കുകയും കൂടുതൽ ആളുകളെ ഇതിലേക്ക് സന്നദ്ധരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തുടർച്ചയായ ആറാം തവണയാണ് ചൈതന്യ കണ്ണാശുപത്രി ഈ മാരത്തോൺ ഒരുക്കുന്നത്.

അഞ്ച്, പത്ത് കിലോമീറ്റർ വിഭാഗങ്ങളിലായി നടന്ന സന്ദേശ ഓട്ടത്തിൽ 600ലധികം ആളുകൾ പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് നേത്രദാന സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് ചൈതന്യ കണ്ണാശുപത്രിയിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ തെരുവ് നാടകവും അവതരിപ്പിച്ചു. ചൈതന്യ ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ടും ഹെൽത്ത് കെയർ പ്രൊമോഷൻസ് ഡയറക്ടറുമായ ഡോ. അനിൽകൃഷ്ണൻ നായർ ചടങ്ങിൽ നേത്രദാന സന്ദേശം നൽകി. മാരത്തോൺ വിജയികൾക്കുള്ള സമ്മാനദാനം ചൈതന്യ കണ്ണാശുപത്രി സി.ഒ.ഒ എസ്. രാജരത്തിനം നിർവ്വഹിച്ചു.

കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ്, ചൈതന്യ കണ്ണാശുപത്രി, അനന്ത ഐ ബാങ്ക്, കൊച്ചിൻ ഒഫ്താൽമിക് സൊസൈറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച 16ാമത് കോർണിയ ആൻഡ് ഐ ബാങ്കിംഗ് ദേശീയ കോൺഫറൻസും സമാപിച്ചു.







## ജാവ, യെസ്ദി, ബി.എസ്.എ മോട്ടോർസൈക്കിളുകൾ ഗെയിമിങ് ലീഗിൽ

**കൊച്ചി:** ക്ലാസിക് ലെജൻഡ്സ് ഇന്ത്യൻ സൂപ്പർ ഗെയിമിങ് ലീഗിന്റെ 2026 സീസണിൽ പങ്കാളിയാകും. ജാവ, യെസ്ദി, ബി.എസ്.എ മോട്ടോർസൈക്കിളുകളെ യുവജനങ്ങളുടെയും ഗെയിമിങ് സമൂഹത്തിന്റെയും അടുത്തെത്തിക്കുകയാണ് പങ്കാളിത്തത്തിന്റെ ലക്ഷ്യം. ചെന്നൈയിൽ നിന്നാണ് സഹകരണത്തിന് തുടക്കമാകുന്നത്. തുടർന്ന് രാജ്യത്തെ മറ്റ് നഗരങ്ങളിലേക്കും വ്യാപിപ്പിക്കും. ലീഗ് വേദികളിലും പ്രത്യേക അനുഭവ മേഖലകളിലും മൂന്ന് ബ്രാൻഡുകളുടെയും മോട്ടോർസൈക്കിളുകൾ പ്രദർശിപ്പിക്കും. ഇന്ത്യയിലെ ആദ്യ ഫ്രാഞ്ചൈസി അധിഷ്ഠിത ദേശീയ ഇസ്പോർട്സ് ലീഗാണ് ഇന്ത്യൻ സൂപ്പർ ഗെയിമിങ് ലീഗ്. ഗെയിമർമാർ, ക്രിയേറ്റർമാർ, ആരാധകർ തുടങ്ങിയവരെ ഒരുമിച്ച് കൊണ്ടുവരുന്ന വേദിയിലൂടെ പുതിയ തലമുറയുമായി ബന്ധം ശക്തമാക്കാനാണ് ക്ലാസിക് ലെജൻഡ്സിന്റെ ശ്രമം. റൈഡിങ്, ഗെയിമിങ് മേഖലകളിലെ യുവജന സംസ്കാരങ്ങൾ തമ്മിലുള്ള ബന്ധവും പങ്കാളിത്തം ശക്തിപ്പെടുത്തും.




## മോട്ടോവേഴ്സ് 2026 നവംബർ 27 മുതൽ ഗോവയിൽ

**കൊച്ചി:** റോയൽ എൻഫീൽഡ് സംഘടിപ്പിക്കുന്ന മോട്ടോവേഴ്സ് 2026 നവംബർ 27 മുതൽ 29 വരെ ഗോവയിലെ വാഗത്തോറിൽ നടക്കും. റോയൽ എൻഫീൽഡിന്റെ 125ാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഇത്തവണത്തെ മേളയിൽ സംഗീതം, മോട്ടോർസൈക്കിൾ, കല, കായികം, സംസ്കാരം എന്നിവ ഒത്തുചേരും. റെബൽ, ലൈഫാഫ, ഫർഹാൻ അക്തർ, സഞ്ജിത് ഹെഗ്ഡെ, എംഎച്ച്ആർ & ഫ്രണ്ട്സ്, ദി തിങ് ഫ്ലോയ്ഡിയൻ തുടങ്ങിയവർ പ്രധാന വേദിയിൽ അണിനിരക്കും. റൈഡുകൾ, മോട്ടോർസൈക്കിൾ പ്രദർശനങ്ങൾ, പുതിയ മോഡലുകളുടെ അവതരണം, വർക്ക്ഷോപ്പുകൾ, മത്സരങ്ങൾ എന്നിവയും മേളയുടെ ഭാഗമാകും. 2025ൽ 40,000ലേറെ പേർ പങ്കെടുത്ത മോട്ടോവേഴ്സിന്റെ ഇത്തവണത്തെ പതിപ്പിന്റെ ആദ്യഘട്ട ടിക്കറ്റുകൾ 2,599 മുതൽ ലഭിക്കും.

## നിർധന കുടുംബങ്ങൾക്ക് ജീവനക്കാരിലൂടെ ഓണസന്തോഷമെത്തിച്ച് ബിൽറ്റ്ടെക്

**കൊച്ചി:** ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ച് വേറിട്ട സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുമായി ബിൽറ്റ്ടെക് ഇൻറഗ്രേറ്റഡ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.ഒന്നിച്ചോണം ഒരുമിച്ചോണം എന്നപേരിൽ സംഘടിപ്പിച്ച ഈ പദ്ധതിയിലൂടെ 50 നിർധന കുടുംബങ്ങൾക്ക് ഓണസന്തോഷമെത്തിക്കാനാണു കമ്പനി ലക്ഷ്യമിടുന്നത്. സാധാരണ ഓണാഘോഷ ചടങ്ങുകളിൽനിന്നു വ്യത്യസ്തമായി കമ്പനിയിലെ 50 ജീവനക്കാരെ നേരിട്ട് പങ്കാളികളാക്കിയാണ് ഈ ജീവകാരുണ്യപ്രവർത്തനം നടപ്പിലാക്കുന്നത്.ഇതിലൂടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും ബുദ്ധിമുട്ടനുഭവിക്കുന്ന അർഹരായ 50 വ്യക്തികളെയോ കുടുംബങ്ങളെയോ കണ്ടെത്തി സഹായിക്കുന്നതിനായി ജീവനക്കാർക്ക് കമ്പനി സാമ്പത്തികസഹായം കൈമാറും. ജീവനക്കാരിലൂടെ കൂടുതൽ കുടുംബങ്ങളിലേക്ക് ഓണത്തിൻറെ സമൃദ്ധിയും സന്തോഷവും എത്തിക്കുയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.